"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശ്രീ. സിറാജുദ്ദീൻ പുതുക്കുടി, എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്), കെ.കെ.കെ.പി.എം. ജി.എച്ച്.എസ്. അമ്പലപ്പുഴ, ആലപ്പുഴ - കണ്ണൂർ ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ.(കൈ) നം.251/2021/പൊ.വി.വ   തീയതി,തിരുവനന്തപുരം, 06/11/2021

---

പരാമർശം:-

1. സ.ഉ(അ)നം.36/1991/ഉ.ഭ.പ.വ. തീയതി, 02/12/1991.
2. ശ്രീ. സിറാജുദ്ദീൻ പുതുക്കുടിയുടെ 27/05/2019 -ലെ അപേക്ഷ.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 26/07/2020 -ലെ എ1/8496/2019/ഡിപിഐ നമ്പർ കത്ത്.
4. കണ്ണൂർ ജില്ലാ കളക്ടറുടെ 14/07/2021 -ലെ ഡിസികെഎൻആർ/2518/2021-ഡി3 നമ്പർ കത്ത്

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ കെ.കെ.കെ.പി.എം. ജി.എച്ച്.എസ്. -ലെ എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) ശ്രീ. സിറാജുദ്ദീൻ പുതുക്കുടി, അന്തർ ജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച് നിലവിലുള്ള നിബന്ധനയിൽ ഇളവ് നൽകി, കണ്ണൂർ ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. ശ്രീ. സിറാജുദ്ദീൻ പുതുക്കുടിയ്ക്ക് കണ്ണിനു പൂർണ്ണമായും കാഴ്ചയില്ലായെന്നും വീട്ടിൽ വൃദ്ധരായ മാതാപിതാക്കൾ മാത്രമാണുള്ളതെന്നും ആയതിനാൽ കണ്ണൂർ ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകണമെന്നുമാണ് ടിയാൻ സമർപ്പിച്ചിരിക്കുന്ന നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നത്.

2. ടി നിവേദനത്തിന്മേൽ പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പരാമർശം (1) ഉത്തരവ് പ്രകാരം ജില്ലകളിലുണ്ടാകുന്ന ആകെ ഒഴിവുകളിൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി 10% മാറ്റിവച്ചിട്ടുണ്ട് എന്നും ആയതിൽ മുൻഗണനാ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ള ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ശ്രീ. സിറാജുദ്ദീൻ 100% കാഴ്ച്ചയില്ലാത്ത വ്യക്തിയാണെന്നും ആയതിനാൽ ടിയാന് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി, അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവച്ച 10% ഒഴിവുകളിൽ സ്ഥലംമാറ്റം ലഭിക്കുന്നതിന് അർഹതയുണ്ട് എന്നും എന്നാൽ ടിയാന് 1 വർഷവും 7 മാസവും 17 ദിവസവും മാത്രമേ ആലപ്പുഴ ജില്ലയിൽ സേവനകാലയളവ് ഉള്ളൂ എന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഈ വിഷയം സംബന്ധിച്ച് പരാമർശം (3) പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അപേക്ഷകന് കാഴ്ചശക്തി തീരെ ഇല്ലാത്ത അവസ്ഥയാണ് എന്നും പരസഹായം കൂടാതെ പുറത്തിറങ്ങാനോ യാത്രചെയ്യാനോ കഴിയുകയില്ല എന്നും 03.12.2014 ൽ കണ്ണൂർ ജില്ലാ ഹോസ്പിറ്റലിൽ നിന്നും എസ്.ഡി.എ. ബോർഡ് പരിശോധിച്ച 100% Permanent disability ഗണത്തിൽപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് എന്നും സോഷ്യൽ സയൻസ് തസ്തികയിൽ 2020 - 21 വർഷത്തേക്കുള്ള അന്തർ ജില്ലാ സ്ഥലംമാറ്റത്തിന്റെ സർക്കുലറിൽ ആവശ്യപ്പെട്ട പ്രകാരം ഒരു ഒഴിവ് അന്തർ ജില്ലാ സഹതാപാർഹ സ്ഥലം മാറ്റത്തിനായി നീക്കിവെച്ചിട്ടുണ്ടെന്ന് വിദ്യാഭ്യാസ ഉപ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും അപേക്ഷകന്റെ സാമൂഹിക സാഹചര്യം വളരെ താഴ്ന്ന നിലയിലാണെന്നും അപേക്ഷകൻ ശാരീരികമായി സ്ഥിരമായ വൈകല്യങ്ങൾ നേരിടുന്ന വ്യക്തിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് എന്നും ആയതിനാൽ അപേക്ഷകന്റെ ഹർജി സഹതാപാർഹ സാഹചര്യത്തിലുള്ള സ്ഥലം മാറ്റത്തിനു പരിഗണിക്കാവുന്നതാണെന്നും കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് 5 വർഷ സേവനം പൂർത്തിയായിരിക്കണം എന്ന നിബന്ധനയിൽ ഇളവ് നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ കെ.കെ.കെ.പി.എം. ജി.എച്ച്.എസ്. -ലെ എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) ശ്രീ. സിറാജുദ്ദീൻ പുതുക്കുടിയ്ക്ക്, പരാമർശം (1) ഉത്തരവിലെ ഖണ്ഡിക (5) പ്രകാരം കണ്ണൂർ ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, ആലപ്പുഴ/കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള,തിരുവനന്തപുരം.
ശ്രീ. സിറാജുദ്ദീൻ പുതുക്കുടി, കെ.കെ.കെ.പി.എം. ജി.എച്ച്.എസ്., അമ്പലപ്പുഴ,ആലപ്പുഴ.
പൊതുഭരണ (എസ്. സി) വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപ-ബി.3) വകുപ്പ്
പൊതുജന - വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Jubair H**
**Date: 06-11-2021 13:50:21**
**Reason: Approved**

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 03-11-2021

ഫയൽ നം. യു3/442/2020/പൊ.വി. ഇനം നം: 357

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - അമ്പലപ്പുഴ കെ.കെ.കെ.പി.എം. ജി.എച്ച്.എസ്.-ലെ എച്ച്.എസ്.റ്റി. ശ്രീ. സിറാജുദ്ദീൻ പുതുക്കുടിയ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് കണ്ണൂർ ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : യു3/442/2020/പൊ.വി |
| 2. | വകുപ്പ് | : പൊതുവിദ്യാഭ്യാസ (യു) വകുപ്പ്. |
| 3. | വിഷയം | : പൊതുവിദ്യാഭ്യാസ വകുപ്പ് - അമ്പലപ്പുഴ കെ.കെ.കെ.പി.എം. ജി.എച്ച്.എസ്. -ലെ എച്ച്.എസ്.റ്റി. ശ്രീ. സിറാജുദ്ദീൻ പുതുക്കുടിയ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് കണ്ണൂർ ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 08/09/2021 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : ഇല്ല. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം | : ഉണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്. |
| | മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : രഹിന ഹരിദാസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : എ.പി.എം. മുഹമ്മദ് ഹനിഷ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 25/10/2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വി. പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 27/10/2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. വി. ശിവൻകുട്ടി |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 28/10/2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 30/10/2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് കത്തിന്റെ നമ്പരും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ കെ.കെ.കെ.പി.എം. ജി.എച്ച്.എസ്. -ലെ എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) ശ്രീ. സിറാജുദ്ദീൻ പുതുക്കുടിയ്ക്ക്, അന്തർ ജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച് നിലവിലുള്ള നിബന്ധനയിൽ ഇളവ് നൽകി, കണ്ണൂർ ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

(2) ശ്രീ. സിറാജുദ്ദീൻ പുതുക്കുടിയ്ക്ക് കണ്ണിനു പൂർണ്ണമായും കാഴ്ചയില്ലായെന്നും വീട്ടിൽ വൃദ്ധരായ മാതാപിതാക്കൾ മാത്രമാണുള്ളതെന്നും ആയതിനാൽ കണ്ണൂർ ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകണമെന്നാണ് ടിയാൻ സമർപ്പിച്ചിരിക്കുന്ന നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ടി നിവേദനത്തിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. 02/12/1991- ലെ സ.ഉ(അ)നം.36/1991/ഉഭപവ പ്രകാരം ജില്ലകളിലുണ്ടാകുന്ന ആകെ ഒഴിവുകളിൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി 10% മാറ്റിവച്ചിട്ടുണ്ട് എന്നും ആയതിൽ മുൻഗണനാ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ള ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ശ്രീ. സിറാജുദ്ദീൻ 100% കാഴ്ച്ചയില്ലാത്ത വ്യക്തിയാണെന്നും ആയതിനാൽ ടിയാന് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി, അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവച്ച 10% ഒഴിവുകളിൽ സ്ഥലംമാറ്റം ലഭിക്കുന്നതിന് അർഹതയുണ്ട് എന്നും എന്നാൽ ടിയാന് 1 വർഷവും 7 മാസവും 17 ദിവസവും മാത്രമേ ആലപ്പുഴ ജില്ലയിൽ സേവനകാലയളവ് ഉള്ളൂ എന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) ശ്രീ. സിറാജുദ്ദീൻ പുതുക്കുടിയ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"02/12/1991- ലെ സ.ഉ.(പി) നമ്പർ 36/91/ഉഭപവ ഉത്തരവ് പ്രകാരം ജില്ലാതല റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്നവർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് റിക്രൂട്ട് ചെയ്യപ്പെട്ട ജില്ലയിൽ 5 വർഷ സേവനം പൂർത്തിയാക്കേണ്ടതുണ്ട്. എന്നാൽ മേൽ ഉത്തരവിലെ ഖണ്ഡിക (5)-ൽ സഹതാപർഹമായ കേസുകളിൽ മേൽ വ്യവസ്ഥയിൽ ഇളവ് നൽകുന്ന കാര്യം പ്രതിപാദിച്ചിട്ടുണ്ട്. ആയതു പ്രകാരം അത്യന്തം സഹതാപർഹമായ കേസാണെന്നുള്ള ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കിയ ശേഷം മന്ത്രിസഭയുടെ അംഗീകാരത്തോടെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് 5 വർഷ സേവനം പൂർത്തിയായിരിക്കണം എന്ന നിബന്ധനയിൽ ഇളവ് നൽകുന്ന കാര്യം ഭരണവകുപ്പിന് പരിഗണിക്കാവുന്നതാണ്. "

(4) ഈ വിഷയം സംബന്ധിച്ച് കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അപേക്ഷകന് കാഴ്ചശക്തി തീരെ ഇല്ലാത്ത അവസ്ഥയാണ് എന്നും പരസഹായം കൂടാതെ പുറത്തിറങ്ങാനോ യാത്രചെയ്യാനോ കഴിയുകയില്ല എന്നും 03.12.2014 ൽ കണ്ണൂർ ജില്ലാ

ഹോസ്പിറ്റലിൽ നിന്നും എസ്.ഡി.എ. ബോർഡ് പരിശോധിച്ച 100% Permanent disability ഗണത്തിൽപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് എന്നും സോഷ്യൽ സയൻസ് തസ്തികയിൽ 2020 -21 വർഷത്തേക്കുള്ള അന്തർ ജില്ലാ സ്ഥലംമാറ്റത്തിന്റെ സർക്കുലറിൽ ആവശ്യപ്പെട്ട പ്രകാരം ഒരു ഒഴിവ് അന്തർ ജില്ലാ സഹതാപാർഹ സ്ഥലം മാറ്റത്തിനായി നീക്കിവെച്ചിട്ടുണ്ടെന്ന് വിദ്യാഭ്യാസ ഉപ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും അപേക്ഷകന്റെ സാമൂഹിക സാഹചര്യം വളരെ താഴ്ന്ന നിലയിലാണെന്നും അപേക്ഷകൻ ശാരീരികമായി സ്ഥിരമായ വൈകല്യങ്ങൾ നേരിടുന്ന വ്യക്തിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് എന്നും ആയതിനാൽ അപേക്ഷകന്റെ ഹർജി, 02.12.91 -ലെ സ.ഉ(അ)36/91/ഉ.ഭ.പ.വ പ്രകാരം സഹതാപാർഹ സാഹചര്യത്തിലുള്ള സ്ഥലം മാറ്റത്തിനു പരിഗണിക്കാവുന്നതാണെന്നും കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

(5) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിന്റെയും, കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ, അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് 5 വർഷ സേവനം പൂർത്തിയായിരിക്കണം എന്ന നിബന്ധനയിൽ ഇളവ് നൽകി, ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ കെ.കെ.കെ.പി.എം. ജി.എച്ച്.എസ്. -ലെ എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) ശ്രീ. സിറാജുദ്ദീൻ പുതുക്കുടിയ്ക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ആലപ്പുഴ ജില്ലയിൽ നിന്നും കണ്ണൂർ ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിന്റെയും കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ, അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് 5 വർഷ സേവനം പൂർത്തിയായിരിക്കണം എന്ന നിബന്ധനയിൽ ഇളവ് നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ കെ.കെ.കെ.പി.എം. ജി.എച്ച്.എസ്. -ലെ എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) ശ്രീ. സിറാജുദ്ദീൻ പുതുക്കുടിയ്ക്ക്, 02.12.91 -ലെ സ.ഉ(അ)36/91/ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക (5) പ്രകാരം കണ്ണൂർ ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കാമോ ?